# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2913 | 17.10.2016 -ൽ മറുപടിയ്ക്ക് |
|---|---|

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ചിറയം ഗോപകുമാർ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്തെല്ലാം നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) സംയോജിത ശിശുസംരക്ഷണപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുമായി ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വകുപ്പുകളുടെ ഏകോപനം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഉണ്ടാകേണ്ടതുണ്ട്. ഐ.സി.പി.എസ് ഗൈഡ് ലൈനും വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം,പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തൊഴിൽ മുതലായ വകുപ്പുകളുമായാണ് ഏകോപനം ഉണ്ടാകേണ്ടത്. സംസ്ഥാനത്ത് ഐ.സി.പി.എസ് പൂർണ്ണമായും പ്രവർത്തനക്ഷമമായ സാഹചര്യത്തിൽ വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (ബി) | ഐ.സി.പി.എസ്. പദ്ധതിയുടെ ജില്ലാതല നിർവ്വഹണ സംവിധാനമായ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ കാര്യക്ഷമമാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഇക്കഴിഞ്ഞ വർഷം എത്ര തവണ യോഗം വിളിച്ചു ചേർത്തിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ; | (ബി) പതിനാല് ജില്ലകളിലുമായി നാല്പത് യോഗങ്ങൾ കൂടിയിട്ടുണ്ട് കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട് . പ്രസ്തുത കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ വൈസ് ചെയർമാനും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറുമാണ്. കഴിഞ്ഞ വർഷം പ്രസ്തുത യോഗം വിളിച്ചതിന്റെ ജില്ലാ തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 3 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 6 |
| കോട്ടയം | 3 |
| ഇടുക്കി | 2 |
| എറണാകുളം | 2 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 3 |
| മലപ്പുറം | 2 |
| കോഴിക്കോട് | 3 |
| വയനാട് | 1 |
| കണ്ണൂർ | 3 |
| കാസർഗോഡ് | 2 |
| ആകെ | 40 |

| | | |
|---|---|---|
| (സി) | ജില്ലാതലത്തിൽ ഐ.സി.പി.എസ്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) i . ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കണ്ടുപിടിക്കുന്നതിനായി സമഗ്രമായ ഒരു സർവ്വേ (Vulnerability Mapping) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു.<br>ii കാലാവധി പൂർത്തിയാക്കിയ CWC/JJB കളിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .<br><br>iii ഓരോ ജില്ലകളിലേയും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന (ഈ സാമ്പത്തിക വർഷത്തെ അവശേഷിയ്ക്കുന്ന 5 മാസ കാലയളവിലേക്കുള്ളത്) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ